## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 68 — 25/04/2017-ൽ മറുപടിക്ക്

## ശബ്ദ ശല്യം നിയന്ത്രിക്കുന്നതിനുള്ള നിയമങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ശബ്ദ ശല്യം നിയന്ത്രിക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ വ്യക്തമാക്കുമോ; | (എ) | കേന്ദ്ര സർക്കാരിന്റെ പരിസ്ഥിതി സംരക്ഷണ നിയമത്തിൻ കീഴിൽ വിജ്ഞാപനം ചെയ്തിട്ടുള്ള ശബ്ദ മലിനീകരണ നിയന്ത്രണ ചട്ടങ്ങൾ 2000 ആണ് സംസ്ഥാനത്ത് ശബ്ദ ശല്യം നിയന്ത്രിക്കുന്നതിന് നിലവിലുള്ളത്.<br><br>ശബ്ദ മലിനീകരണ നിയന്ത്രണ ചട്ടങ്ങൾ 2000 പ്രകാരം വ്യവസായ, വാണിജ്യ, ഗാർഹിക, നിശ്ശബ്ദ സോണുകളായാണ് വിവിധ സ്ഥലങ്ങളെ തരം തിരിച്ചിരിക്കുന്നത്. ഇവയിലോരോ സോണുകൾക്കും ബാധകമായുള്ള ശബ്ദ തീവ്രത ചുവടെ ചേർക്കുന്നു:- |
| (ബി) | പ്രസ്തുത നിയമങ്ങൾ നടപ്പാക്കാൻ എതെല്ലാം ഉദ്യോഗസ്ഥരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; | (ബി) | സംസ്ഥാന സർക്കാർ ടി ചട്ടങ്ങൾ പ്രകാരം സംസ്ഥാനത്ത് നോയിസ് റൂൾസ് പ്രകാരമുള്ള അന്തരീക്ഷ ശബ്ദ ഗുണനിലവാരം (ആംബിയന്റ് നോയിസ് ക്വാളിറ്റി) നിലനിർത്തുന്നതിനായി അധികാരികളെ നിയോഗിച്ചുകൊണ്ട് 29/07/2002 - ൽ ആഭ്യന്തര വകുപ്പിൽ നിന്നും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

(എ) മറുപടിയിലെ പട്ടിക:

| ക്രമ നമ്പർ | മേഖല | അനുവദനീയ ശബ്ദ പരിധി, പകൽ സമയം dB(A) Leq |
|---|---|---|
| 1 | വ്യവസായ മേഖല | 75 |
| 2 | വാണിജ്യ മേഖല | 65 |
| 3 | ഗാർഹിക മേഖല | 55 |
| 4 | നിശബ്ദ മേഖല | 50 |

പകൽ സമയം: രാവിലെ 6 മുതൽ രാത്രി 10 വരെ
രാത്രി സമയം: രാത്രി 10 മുതൽ രാവിലെ 6 വരെ

| | | | |
|---|---|---|---|
| | | | ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. ആയത് പ്രകാരം ഡിസ്ട്രിക് മജിസ്ട്രേറ്റ്, പോലീസ് കമ്മീഷണർ/ സൂപ്രണ്ട് ഓഫ് പോലീസ്/ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് എന്നിവരാണ് ഇത് സംബന്ധിച്ചുള്ള അധികാരികൾ. പൊതുസ്ഥലങ്ങളിൽ / പൊതുനിരത്തുകളിൽ ഉച്ചഭാഷിണികൾ / മറ്റു ശബ്ദമുണ്ടാക്കുന്ന ഉപകരണങ്ങൾ എന്നിവ ഉപയോഗിക്കുന്നതിനായി മേൽ അധികാരികളുടെ അനുമതി ആവശ്യമാണ്. ശബ്ദ തീവ്രത അളക്കുന്നതിന് ആവശ്യാനുസരണം ബോർഡിൽ നിന്നും ബന്ധപ്പെട്ട അധികാരികൾക്ക് സാങ്കേതിക സേവനം ലഭ്യമാക്കാറുണ്ട്.<br><br>വ്യാവസായിക ശബ്ദമലിനീകരണം നിയന്ത്രിക്കേണ്ട ചുമതല സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനാണ്. ഉച്ചഭാഷിണികൾ മൂലമുള്ള ശബ്ദ മലിനീകരണം നിയന്ത്രിക്കേണ്ട ചുമതല പോലീസ് വകുപ്പിനാണ്. വണ്ടികളുടെ ഹോണുകൾ വാഹനങ്ങൾ മൂലമുള്ള ശബ്ദമലിനീകരണം തുടങ്ങിയവ നിയന്ത്രിക്കേണ്ട ചുമതല മോട്ടോർവാഹന വകുപ്പിനാണ്.<br><br>നോയിസ് ചട്ടങ്ങൾ പ്രകാരം വിവിധ സ്ഥലങ്ങളെ വിവിധ മേഖലകളായി വിജ്ഞാപനം ചെയ്തുകൊണ്ടുള്ള തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20/04/2002 ലെ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. ടി വിജ്ഞാപന പ്രകാരം ആശുപത്രികൾ, കോടതികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, റിസർവ്വ് ഫോറസ്റ്റുകൾ, വന്യജീവി സങ്കേതങ്ങൾ, ഇത്തരത്തിൽ സർക്കാർ വിജ്ഞാപനം ചെയ്ത മറ്റ് സ്ഥലങ്ങൾ എന്നിവയുടെ 100 മീറ്റർ ചുറ്റളവ് നിശബ്ദ മേഖലയായി പരിഗണിക്കുന്നു. |
| സി) | ഇക്കാര്യത്തിൽ കോടതി വിധികൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഏറ്റവും ഒടുവിലെ വിധിന്യായത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | സി) | ബഹു. ദേശീയ ഹരിത ട്രിബ്യൂണലിന്റെ OA. No.445/2013 (SZ) (THC) - ൽ 13.05.2015 തീയതിയായ വിധിയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. ആയതിൽ സംസ്ഥാന സർക്കാർ |

| | | | |
|---|---|---|---|
| | | | ശബ്ദ ചട്ടങ്ങൾ 2000 നടപ്പിലാക്കുന്നതിനായി നിർദ്ദേശങ്ങൾ ഉള്ളതാണ്. |
| ഡി) | നിലവിലെ നിയമവും കോടതി വിധികളും ലംഘിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ; നടപടി സ്വീകരിക്കാത്ത സാഹചര്യത്തിൽ ഏതു ഉദ്യോഗസ്ഥനെയാണ് സമീപിക്കേണ്ടത് എന്ന് വ്യക്തമാക്കുമോ? | ഡി) | ശബ്ദ മലിനീകരണ നിയന്ത്രണ ചട്ടങ്ങൾ കൃത്യമായി നടപ്പിൽ വരുത്തേണ്ട ഉത്തരവാദിത്തം പോലീസ് വകുപ്പിനാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്